'ഭരണഭാഷ - മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസവകുപ്പ് - കൊറോണ (കോവിഡ്-19) - സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും (സാങ്കേതിക സർവ്വകലാശാല ഉൾപ്പെടെ) 2020 മാർച്ച് 21 മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾ മാറ്റി വച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്**

**സ.ഉ.(സാധാ)നം.479/2020/ഉ.വി.വ** **തീയതി, തിരുവനന്തപുരം, 20-03-2020**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം : 1. 14.03-2020 -ലെ സ.ഉ.സാധാ.നം.424/2020/ഉ.വി.വ ഉത്തരവ്.
2. യു.ജി.സി സെക്രട്ടറിയുടെ 19-03-2020 -ലെ File No:1-14/2020 (Website) നം. കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് കൊറോണ വൈറസ് (കോവിഡ്-19) -ന്റെ വ്യാപനം തടയുന്നതിനുള്ള നടപടികളുടെ ഭാഗമായി, നാളെ മുതൽ (21-03-2020) നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള സംസ്ഥാനത്തെ എല്ലാ സർവ്വകലാശാല പരീക്ഷകളും, (സാങ്കേതിക സർവ്വകലാശാലകൾ ഉൾപ്പെടെ) ക്യാമ്പ് (camp) മുഖേനയുള്ള മൂല്യനിർണ്ണയ പ്രവർത്തനങ്ങളും 2020 മാർച്ച് 31 വരെ മാറ്റിവയ്ക്കുന്നു. പരീക്ഷകളും, ക്യാമ്പ് (camp) മുഖേനയുള്ള മൂല്യനിർണ്ണയ പ്രവർത്തനങ്ങളും 31-03-2020-ന് ശേഷമുള്ള ദിവസങ്ങളിലേക്ക് പിന്നീട് പുനഃക്രമീകരിക്കുന്നതായിരിക്കും.

01-04-2020 മുതലുള്ള പരീക്ഷകൾ മറ്റൊരറിയിപ്പുണ്ടാകുന്നതുവരെ ഇപ്പോൾ നിശ്ചയിച്ച പ്രകാരം നടക്കുന്നതായിരിക്കും. ഇന്ന് (20-03-2020-ന്) പരീക്ഷകൾ നടത്തുന്നത് സംബന്ധിച്ച് അതത് സർവ്വകലാശാല വൈസ് ചാൻസലർമാർക്ക് തീരുമാനിക്കാവുന്നതാണ്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും തങ്ങളുടെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലൂടെ ക്രമമായി ബന്ധപ്പെട്ട് അവരുടെ ആശങ്കൾ പരിഹരിക്കേണ്ടതാണ്. എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ സംശയ നിവാരണത്തിനായി ഹെൽപ് ലൈൻ നമ്പരുകൾ/ഇമെയിൽ വിലാസങ്ങൾ എന്നിവ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ കീഴിലെ മറ്റ് സ്ഥാപനങ്ങളും മേൽപറഞ്ഞ രീതിയിൽ പരീക്ഷകൾ മാറ്റിവക്കേണ്ടതും തുടർ ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഉഷ ടൈറ്റസ്**

പ്രിൻസിപ്പൽ സെക്രട്ടറി

(മറുപുറം കാണുക)

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം.
5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം –3.
6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി, എറണാകുളം/ എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
7. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം–686 585.
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
9. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്.
10. വിവര–പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
11. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന്)
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :-

1. ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ഉന്നതവിദ്യാഭ്യാസവകുപ്പുപ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ-യ്ക്ക്
3. ഉന്നതവിദ്യാഭ്യാസവകുപ്പിലെ എല്ലാ ഓഫീസർമാർക്കും.
4. ഉന്നതവിദ്യാഭ്യാസവകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ